## റോക്കറ്റിൽ മണ്ണെണ്ണ; ആദ്യപരീക്ഷണം വിജയം

**തിരുവനന്തപുരം**

തദ്ദേശീയമായി ഐഎസ്ആർഒ വികസിപ്പിച്ച സെമി ക്രയോജനിക് എൻജിന്റെ ആദ്യഘട്ട പരീക്ഷണം വിജയകരം. ഇതിൽ ഇന്ധനമായി ദ്രവീകൃത ഓക്സിജനും ഹൈഡ്രജനും പകരം ശുദ്ധീകരിച്ച മണ്ണെണ്ണയാണ് ഓക്സിജനൊപ്പം ഉപയോഗിക്കുന്നത്. ഇതുമൂലം എൻജിന്റെ രൂപകൽപ്പനയിലും പ്രവർത്തനത്തിലുമുള്ള സങ്കീർണത ഒഴിവാകും. വലിയമല എൽപിഎസ്സിയാണ് എൻജിൻ രൂപകൽപ്പന ചെയ്തത്. മഹേന്ദ്രഗിരി ഐപിആർസിയിലായിരുന്നു പരീക്ഷണം. ക്ഷമതാ പരിശോധന തുടർച്ചയായി നടത്തിയശേഷമാകും റോക്കറ്റിൽ എൻജിൻ ഉപയോഗിക്കുകയെന്ന് വിഎസ്എസ്സി ഡയറക്ടർ ഡോ. എസ് ഉണ്ണികൃഷ്ണൻ നായർ, എൽപിഎസ്സി ഡയറക്ടർ ഡോ. വി നാരായണൻ എന്നിവർ പറഞ്ഞു.

## എസി കോച്ചുകൾ അനുവദിച്ചു

**തിരുവനന്തപുരം**

വിവിധ ട്രെയിനുകളിൽ താൽക്കാലികമായി അധിക എസി കോച്ച് അനുവദിച്ചു. 12076 തിരുവനന്തപുരം സെൻട്രൽ– കോഴിക്കോട് ജനശതാബ്ദി, 12075 കോഴിക്കോട്– തിരുവനന്തപുരം സെൻട്രൽ ജനശതാബ്ദി എന്നിവയിൽ ഒന്ന് വീതം എസി ചെയർകാർ അധികമായി അനുവദിച്ചു. 12 മുതൽ 28 വരെയാണ് ക്രമീകരണം. 16604 തിരുവനന്തപുരം സെൻട്രൽ– മംഗളൂരു ജങ്ഷൻ മാവേലി എക്സ്പ്രസിന് വെള്ളിയാഴ്ചയും 16603 മംഗളൂരു ജങ്ഷൻ– തിരുവനന്തപുരം സെൻട്രൽ മാവേലി എക്സ്പ്രസിന് ഞായറാഴ്ചയും അധികമായി ഒന്ന് വീതം ത്രിടയർ എസി കോച്ചും അനുവദിച്ചിട്ടുണ്ടെന്ന് റെയിൽവേ അറിയിച്ചു.

# പൊലീസിന്റെ ശേഷി ഉയർത്താൻ നിർമിതബുദ്ധി ഉപയോഗപ്പെടുത്തും: മുഖ്യമന്ത്രി

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

പൊലീസ് സേനയുടെ കഴിവും ശേഷിയും ഉയർത്താൻ നിർമിതബുദ്ധിയടക്കമുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പേരൂർക്കട എസ്എപി ഗ്രൗണ്ടിൽ പൊലീസ് ജില്ലകൾക്കുള്ള ഡ്രോൺ വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഡ്രോണുകളുടെ ശാസ്ത്രീയ, സാങ്കേതിക വിവരങ്ങളുടെ പരിശോധനകൾക്കാണ് ഡ്രോൺ ഫോറൻസിക് ലാബ് ആൻഡ് റിസർച്ച് സെന്റർ സ്ഥാപിച്ചത്. ഡ്രോൺ ഉപയോഗത്തിനൊപ്പം ആന്റി ഡ്രോൺ സിസ്റ്റം ഫലപ്രദമായി ഉപയോഗിക്കാനും ഈ ലാബിനാകും. ഈ പദ്ധതികളുടെ ഗുണഫലങ്ങൾ താഴെതലത്തിലും എത്തിക്കാനാണ് പൊലീസ് ജില്ലകൾക്ക് ഡ്രോണുകൾ വിതരണം ചെയ്യുന്നത്. 25 പേർക്ക് ഡ്രോൺ പൈലറ്റ് പരിശീലനവും



ഡ്രോൺ വിതരണോദ്ഘാടനം പേരൂർക്കട എസ്എപി പരേഡ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു. വി കെ പ്രശാന്ത് എംഎൽഎ, ഐജി പി പ്രകാശ്, എഡിജിപി കെ പത്മകുമാർ എന്നിവർ സമീപം

20 പേർക്ക് അടിസ്ഥാന പരിശീലനവും നൽകി. ഡ്രോണുകളിൽനിന്ന് ബ്രാൻഡിങ് തിരിച്ചറിയൽ, ഡിജിറ്റൽ തെളിവുകൾ വീണ്ടെടുക്കൽ, നിർമാണ സവിശേഷതകളുടെ വിശകലനം ചെയ്യൽ എന്നിവയ്ക്കായാണ് 'ഡ്രോൺ എക്സ്' ഫോറൻസിക് സോഫ്റ്റ്‌വെയർ തയ്യാറാക്കിയതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഡ്രോൺ പൈലറ്റ് പരിശീലനം പൂർത്തിയാക്കിയ സേനാംഗങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് മുഖ്യമന്ത്രി കൈമാറി. വി കെ പ്രശാന്ത് എംഎൽഎ അധ്യക്ഷനായി. എഡിജിപി കെ പത്മകുമാർ, സൈബർഡോം നോഡൽ ഓഫീസർ പി പ്രകാശ് എന്നിവർ സംസാരിച്ചു.

## എകെപിസിടിഎ സംസ്ഥാന സമ്മേളനം ഇന്ന് തുടങ്ങും

**കണ്ണൂർ**

സ്വകാര്യ കോളേജ് അധ്യാപക സംഘടനയായ എകെപിസിടിഎയുടെ 65–ാം സംസ്ഥാന സമ്മേളനം വെള്ളിയാഴ്ച കണ്ണൂർ ദിനേശ് ഓഡിറ്റോറിയത്തിൽ ആരംഭിക്കും. 'നവകേരള സൃഷ്ടിക്കായി ജനപക്ഷ വൈജ്ഞാനികത' എന്ന മുദ്രാവാക്യമുയർത്തിയാണ് വാർഷിക സമ്മേളനം.

വെള്ളിയാഴ്ച സംസ്ഥാന പ്രവർത്തകസമിതി യോഗം നടക്കും. എണ്ണൂറ് പ്രതിനിധികൾ പങ്കെടുക്കുന്ന സമ്മേളനം ശനി രാവിലെ 9.30ന് ധനമന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനംചെയ്യും. 11.15ന് വിദ്യാഭ്യാസ സമ്മേളനം ഉന്നതവിദ്യാഭ്യാസമന്ത്രി ഡോ. ആർ ബിന്ദുവും പകൽ രണ്ടിന് യാത്രയയപ്പ് സമ്മേളനം എ കെ ബാലനും ഉദ്ഘാടനംചെയ്യും.

വൈകിട്ട് നാലിന് പ്രകടനത്തിനുശേഷം സ്റ്റേഡിയം കോർണറിൽ ചേരുന്ന പൊതുസമ്മേളനം സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ഉദ്ഘാടനംചെയ്യും. ഞായർ രാവിലെ എട്ടിന് പ്രതിനിധി സമ്മേളനവും ആർ ആർ സി അനുസ്മരണ പരിപാടിയും കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ ഉദ്ഘാടനംചെയ്യും.

## എം മോഹന്റെ നില അതീവ ഗുരുതരം

**തിരുവനന്തപുരം**

സ്വകാര്യ ആശുപത്രിയിൽ വെന്റിലേറ്ററിൽ ചികിത്സയിൽ കഴിയുന്ന സിനിമാ സംവിധായകൻ എം മോഹന്റെ നില ഗുരുതരമായി തുടരുകയാണെന്ന് മെഡിക്കൽ ബുള്ളറ്റിൻ. ബുധനാഴ്ച തിരുവനന്തപുരത്തെ ചടങ്ങിനിടെയാണ് ഇദ്ദേഹം കുഴഞ്ഞു വീണത്.

## പി കെ ഹരികൃഷ്ണൻ അന്തരിച്ചു

**വേലൂർ (തൃശൂർ )**



സിപിഐ എം വേലൂർ മുൻ ലോക്കൽ സെക്രട്ടറി കിരാലൂർ പന്നിക്കാട്ട് പുഷ്പകത്ത് പി കെ ഹരികൃഷ്ണൻ (73) അന്തരിച്ചു. വേലൂർ പഞ്ചായത്ത് മുൻ അംഗവും റിട്ട. പ്രധാനാധ്യാപകനും ദേശാഭിമാനി വേലൂർ ഏജന്റുമാണ്.

മലപ്പുറം മൂക്കുതല പന്നിക്കാട്ട് പുഷ്പകത്ത് പരേതനായ കൃഷ്ണൻ നമ്പീശന്റെയും മുകുന്ദപുരം കാലടി പടിഞ്ഞാറ് പുഷ്പകത്ത് നീലവേണി ബ്രാഹ്മണിയമ്മയുടെയും മകനാണ്. സിപിഐ എം നേതാവായിരുന്ന എ എസ് എൻ നമ്പീശന്റെ മകൾ സതീദേവി (എരുമപ്പെട്ടി സർവീസ് സഹകരണ ബാങ്ക് റിട്ട. സെക്രട്ടറി, ജനാധിപത്യ മഹിളാ അസോസിയേഷൻ മേഖലാ കമ്മിറ്റി അംഗം, സിപിഐ എം കിരാലൂർ വെസ്റ്റ് ബ്രാഞ്ച് അംഗം)യാണ് ഭാര്യ. മക്കൾ: അനിൽ കൃഷ്ണൻ, അനിത കൃഷ്ണൻ. മരുമകൻ: ലിഷോയ്.

സർവീസിൽ പ്രവേശിച്ച നാൾ മുതൽ അധ്യാപക സംഘടനാ പ്രവർത്തന രംഗത്തും സജീവമായി. കെജിപിടിഎ, കെജിടിഎ, കെഎസ് ടിഎ എന്നീ സംഘടനകളിലും സജീവമായിരുന്നു. വേലൂർ പഞ്ചായത്ത് കാർഷിക കാർഷികേതര സഹകരണ സംഘം സ്ഥാപക പ്രസിഡന്റായി 10 വർഷം പ്രവർത്തിച്ചു. കിരാലൂർ തണൽ ചാരിറ്റബിൾ ട്രസ്റ്റ് സ്ഥാപകാംഗമാണ്. സർവീസിൽനിന്ന് വിരമിച്ച ശേഷം കിരാലൂർ ക്ഷേത്രത്തിനു സമീപം സ്ഥിരതാമസമായി.

2004ൽ സിപിഐ എം വേലൂർ ലോക്കൽ സെക്രട്ടറിയായി. 2005 ൽ വേലൂർ പഞ്ചായത്ത് അംഗമായി അഞ്ചു വർഷം പ്രവർത്തിച്ചു. നിലവിൽ സിപിഐ എം കിരാലൂർ വെസ്റ്റ് ബ്രാഞ്ച് അംഗമാണ്.

ഹരികൃഷ്ണൻ മാസ്റ്ററുടെ ആഗ്രഹപ്രകാരം മൃതദേഹം മെഡിക്കൽ വിദ്യാർഥികളുടെ പഠനത്തിനായി തൃശൂർ ഗവ. മെഡിക്കൽ കോളേജിനു കൈമാറി.

## കടലിനെ കണ്ട് അക്ഷരങ്ങളോട് കൂട്ടുകൂടാം

**ഫോർട്ട് കൊച്ചി**

കടലോരക്കാഴ്ചകൾ കണ്ട് അക്ഷരങ്ങളുമായി കൂട്ടുകൂടാൻ അവസരമൊരുക്കി ഫോർട്ട് കൊച്ചി കടപ്പുറത്ത് പുസ്തകോത്സവം തുടങ്ങി. യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ ഭാഗമായി ആരംഭിച്ച പുസ്തകോത്സവം ടൂറിസംമന്ത്രി പി എ മുഹമ്മദ് റിയാസ് വ്യാഴം വൈകിട്ട് ഉദ്ഘാടനം ചെയ്തു. ചിന്ത പബ്ലിഷേഴ്സുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന പുസ്തകോത്സവത്തിൽ പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങളുണ്ട്. 10 ശതമാനംമുതൽ വിലക്കിഴിവുണ്ട്.

ഇംഗ്ലീഷ് പുസ്തകങ്ങളുടെ വൈവിധ്യശേഖരവും ഒരുക്കിയിട്ടുണ്ട്. ഫിക്ഷനും ചരിത്ര പുസ്തകങ്ങളുമെല്ലാം ഇംഗ്ലീഷ് ശേഖരത്തിൽ കണ്ടെത്താം.

**പത്മനാഭസ്വാമി ക്ഷേത്രത്തിൽ ഓഗ്മെന്റഡ് റിയാലിറ്റി**

# മൊബൈൽ കാമറ ഓൺ ചെയ്താൽ കാണാം വിസ്മയക്കാഴ്ചകൾ

**എസ് കിരൺബാബു**

**തിരുവനന്തപുരം**

സഞ്ചാരികൾക്ക് ഇനി ഓഗ്മെന്റഡ് റിയാലിറ്റി (എആർ) സാങ്കേതികവിദ്യയുടെ സഹായത്തോടെ പത്മനാഭ സ്വാമിക്ഷേത്രത്തിലെ വിസ്മയക്കാഴ്ചകൾ ആസ്വദിക്കാം. ക്ഷേത്രപരിസരത്ത് എത്തി മൊബൈൽ കാമറ ഓൺചെയ്താൽ ലക്ഷദീപത്തിന്റെയും ആറാട്ടിന്റെയും മനോഹര കാഴ്ച സ്ക്രീനിൽ തെളിയും. ഒപ്പം ക്ഷേത്രത്തിന്റെ ചരിത്രവും പ്രത്യേകതകളുമൊക്കെ വിവരിക്കും. വിനോദസഞ്ചാര വകുപ്പിന്റെ കേരള ടൂറിസം ആപ്പിലൂടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഓഗ്മെന്റഡ് റിയാലിറ്റി ഹെറിറ്റേജ് വാക്ക് എന്ന പേരിലുള്ള പദ്ധതിക്കായി 60,18,000 രൂപ വിനോദ സഞ്ചാര വകുപ്പ് അനുവദിച്ചു. ക്ഷേത്രത്തിലും പരിസരത്തും എത്തുന്ന സഞ്ചാരികൾക്ക് മൊബൈൽ കാമറ ഓൺചെയ്താൽ ഓഗ്മെന്റഡ് റിയാലിറ്റി കാഴ്ചകൾ കാണാം. ഉദാഹരണത്തിന് പത്മതീർഥത്തിന് അടുത്ത് എത്തുന്ന സഞ്ചാരി കാമറ ഓൺചെയ്താൽ



പത്മനാഭസ്വാമി ക്ഷേത്രത്തിലെ ലക്ഷദ്വീപം കാഴ്ച

**ഓഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി തുടങ്ങിയവയുടെ സഹായത്തോടെ സഞ്ചാരികളുടെ അനുഭവങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം**

കുളത്തിന്റെ ചരിത്രവും പ്രത്യേകതകളും സ്ക്രീനിൽ തെളിയും. ക്ഷേത്രത്തിലെയും ക്ഷേത്രപരിസരത്തെയും ഓരോ പ്രത്യേകതകളും ആപ്പിലൂടെ മനസ്സിലാക്കാം. 360 ഡിഗ്രി വീഡിയോ, ത്രീഡി അനിമേഷൻ

നാവിഗേഷൻ മാപ്പ് എന്നിവയും ആപ്പിലുണ്ടാകും. മൂന്നു മാസത്തിനുള്ളിൽ പദ്ധതി നടപ്പാക്കും. ഇതിനായി ടൂറിസം ആപ്പ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഭാവിയിൽ ആലപ്പുഴയടക്കം മറ്റ് ടൂറിസം കേന്ദ്രങ്ങളിലും പദ്ധതി നടപ്പാക്കും. യഥാർഥ കാഴ്ചയിലേക്ക് കൃത്രിമമായി സൃഷ്ടിച്ചെടുത്ത മറ്റൊരു കാഴ്ചയെ സന്നിവേശിപ്പിക്കുന്ന സാങ്കേതികവിദ്യയാണ് ഓഗ്മെന്റഡ് റിയാലിറ്റി.

# ഗൗരിയമ്മയ്ക്ക് സ്മരണാഞ്ജലി

**ആലപ്പുഴ**

കെ ആർ ഗൗരിയമ്മയ്ക്ക് നാടിന്റെ സ്മരണാഞ്ജലി. ഗൗരിയമ്മ അന്ത്യവിശ്രമം കൊള്ളുന്ന വലിയ ചുടുകാട് രക്തസാക്ഷിമണ്ഡപത്തിൽ സിപിഐ എം കേന്ദ്ര കമ്മിറ്റി അംഗം സി എസ് സുജാത, ജില്ലാ സെക്രട്ടറി ആർ നാസർ എന്നിവർ പുഷ്പചക്രം അർപ്പിച്ചു.

നൂറുകണക്കിന് പ്രവർത്തകർ പുഷ്പാർച്ചന നടത്തി. തുടർന്ന് ചേർന്ന അനുസ്മരണസമ്മേളനം സി എസ് സുജാത ഉദ്ഘാടനംചെയ്തു. സംസ്ഥാന കമ്മിറ്റി അംഗം സി ബി ചന്ദ്രബാബു അധ്യക്ഷനായി. ജില്ലാ സെക്രട്ടറി ആർ നാസർ, എ എം ആരിഫ് എംപി, പി പി ചിത്തരഞ്ജൻ എംഎൽഎ, ജില്ലാ സെക്രട്ടറിയറ്റ് അംഗങ്ങളായ ജി വേണുഗോപാൽ, കെ പ്രസാദ്, ജി ഹരിശങ്കർ, കെ എച്ച് ബാബുജാൻ, കെ രാഘവൻ, എം സത്യപാലൻ,



കെ ആർ ഗൗരിയമ്മ അനുസ്മരണത്തിന്റെ ഭാഗമായി വലിയചുടുകാട്ടിൽ സിപിഐ എം കേന്ദ്ര കമ്മിറ്റി അംഗം സി എസ് സുജാത, ജില്ലാ സെക്രട്ടറി ആർ നാസർ എന്നിവരുടെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തുന്നു


ജി രാജമ്മ, നഗരസഭാധ്യക്ഷ സൗമ്യാ രാജ്, കെ കെ ഷാജു, ബി ഗോപൻ തുടങ്ങിയവർ സംസാരിച്ചു. ചാത്തനാട്ടെ വസതിയിലും അനുസ്മരണം നടന്നു.

സമ്മേളനം പി പി ചിത്തരഞ്ജൻ എംഎൽഎ ഉദ്ഘാടനംചെയ്തു. സംഗീത് ചക്രപാണി അധ്യക്ഷനായി.









RNI Reg. No. 44790/90. Vol. XXXV No.125 Reg.No. KL/TV(N)/33/2018-20. Printed and Published by K J THOMAS On behalf of CPI(M) Kerala State Committee and Printed at P Krishna Pillai Memorial Printing and Publishing Co. (P) Ltd. Thampanoor, Thiruvananthapuram-695 001
Editor: Puthalath Dinesan (Responsible for selection of news under the PRB Act) Chief Editor: Puthalath Dinesan. Phone: 0471 2701800. Email: dbitvm@gmail.com, website: www.deshabhimani.com